# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എപി12/924/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 17/01/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രംസഹിതം)

2) അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മിഷണർ, പത്തനംതിട്ട
3) ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ.പി.റ്റി.എപി12/924/2021 തീയ്യതി: 17/01/2022

## പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-10-2019 മുതൽ 09-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 4 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഹബീബ് മുഹമ്മദ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 13-12-2021 | 24-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-12-2021 | 26-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രഞ്ജീവ് വി. കെ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.ഹരികുമാർ.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ആശ എം. കുരുവിള, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി മനുഭായ് മോഹൻ | പ്രസിഡന്റ് | 01-04-2019 | 08-08-2019 |
| ശ്രീ. കെ. ദിനേശ് | പ്രസിഡന്റ് | 09-08-2019 | 01-09-2019 |
| ശ്രീമതി ശോശാമ്മ തോമസ് | പ്രസിഡന്റ് | 02-09-2019 | 31-03-2020 |
| ശ്രീ. കെ. രാജേന്ദ്രൻ | സെക്രട്ടറി | 01-04-2019 | 20-06-2019 |
| ശ്രീ. ബി. ഉത്തമൻ | സെക്രട്ടറി | 20-06-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സുജിതാ രവി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2019 | 02-08-2019 |
| ശ്രീമതി രാജവല്ലി എൻ.എസ്. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 02-08-2019 | 31-03-2020 |
| ശ്രീ. ഷാജി ബി.എസ്. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീമതി പി.എ. അഗസ്റ്റീന | സി.ഡി.പി.ഒ. | 01-04-2019 | 31-03-2020 |
| ശ്രീ. വിഷ്ണു എസ്. | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. സിബി ടി. നീണ്ടടിശ്ശേരി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2019 | 31-03-2020 |
| ഡോ. സിനീഷ് പി.ജോയി | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 01-04-2019 | 31-03-2020 |
| ഡോ. രാജേഷ് പി. | മെഡിക്കൽ ഓഫീസർ, | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | സി.എച്ച്.സി. കല്ലൂപ്പാറ | | |
| ശ്രീമതി ശ്രീകല എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M Harikumar (Asst. Audit Officer, On 23-12-2021)<br>Last Updated By: M Harikumar (Asst. Audit Officer, On 23-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധന<br>Written By: M Harikumar (Asst. Audit Officer, On 23-12-2021)<br>Last Updated By: M Harikumar (Asst. Audit Officer, On 23-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: M Harikumar (Asst. Audit Officer, On 23-12-2021)<br>Last Updated By: M Harikumar (Asst. Audit Officer, On 23-12-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: M Harikumar (Asst. Audit Officer, On 23-12-2021)<br>Last Updated By: M Harikumar (Asst. Audit Officer, On 23-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: M Harikumar (Asst. Audit Officer, On 28-12-2021)<br>Last Updated By: M Harikumar (Asst. Audit Officer, On 28-12-2021) | 1-5 |
| 6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: M Harikumar (Asst. Audit Officer, On 23-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 06-01-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: Ranjeev V.K (Audit Officer (HG), On 06-01-2022)<br>Last Updated By: Ranjeev V.K (Audit Officer (HG), On 06-01-2022) | 1-7 |
| 8 | വിവിധ പദ്ധതികളിലായി മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു<br>Written By: Asha M Kuruvilla (Auditor, On 27-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 06-01-2022) | 1-8 |
| 9 | നിക്ഷേപ പ്രോജക്ടുകൾ പൂർത്തിയായില്ല;40ലക്ഷം നിർവഹണ ഏജൻസികളിൽ<br>Written By: M Harikumar (Asst. Audit Officer, On 28-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 06-01-2022) | 1-9 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| | --- No Records Found --- | |
| | ഭാഗം 4 | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M Harikumar (Asst. Audit Officer, On 28-12-2021)<br>Last Updated By: M Harikumar (Asst. Audit Officer, On 28-12-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: M Harikumar (Asst. Audit Officer, On 28-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 06-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M Harikumar (Asst. Audit Officer, On 28-12-2021)<br>Last Updated By: M Harikumar (Asst. Audit Officer, On 28-12-2021) | 4-3 |

| | | |
|---|---|---|
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: M Harikumar (Asst. Audit Officer, On 23-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 06-01-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: M Harikumar (Asst. Audit Officer, On 28-12-2021)<br>Last Updated By: M Harikumar (Asst. Audit Officer, On 28-12-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: M Harikumar (Asst. Audit Officer, On 23-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 26-12-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: M Harikumar (Asst. Audit Officer, On 23-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 06-01-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: M Harikumar (Asst. Audit Officer, On 28-12-2021)<br>Last Updated By: M Harikumar (Asst. Audit Officer, On 28-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M Harikumar (Asst. Audit Officer, On 28-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 06-01-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷി ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M Harikumar (Asst. Audit Officer, On 23-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 06-01-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 20.02.2019 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 16.03.2020 തീയതിയിലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക പരിശോധന

ബ്ലോക്ക്പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.ഷെഡ്യൂൾ ബി4 : Grants & Contributions For Specific Purposes:- Contribution For Joint Venture Projects From Village Panchayat-അക്കൗണ്ട് ബാലൻസ് രൂ. 2,20,000 രേഖപ്പെടുത്തിയിട്ടുള്ളത് തെറ്റാണ്. അക്കൗണ്ടിൽ ലഭിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുള്ളതാണ്. വിനിയോഗ വിവരം കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

3. ഷെഡ്യൂൾ ബി7: Deposits Received- ഡെപ്പോസിറ്റായി ലഭിക്കുന്ന തുകകൾ തിരികെ നൽകുമ്പോൾ കൃത്യമായി അതേ ഹെഡിൽ കുറവു ചെയ്യുന്നില്ല. തന്മൂലം ബാലൻസായി രേഖപ്പെടുത്തിയിരിക്കുന്ന തുകകൾക്ക് കൃത്യതയില്ല.

4. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നിവിടങ്ങളിൽ പദ്ധതികൾക്കായി നിക്ഷേപിച്ചിരിക്കുന്ന തുകകൾ അഡ്വാൻസ് ഹെഡിൽ കാണിക്കാതെ ആസ്തി ഹെഡിലും വർക്ക്-ഇൻ-പ്രോഗ്രസ് ഹെഡിലും തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

5. ഷെഡ്യൂൾ B-11(a) Capital Work-in-progress – രേഖപ്പെടുത്തിയിക്കുന്ന 7,57,616 രൂപ തെറ്റായ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. തുക ബന്ധപ്പെട്ട ആസ്തി ഹെഡിലേക്ക് മാറ്റേണ്ടതാണ്.

6. ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂറുകൾ, വിനിയോഗ വിവരം രേഖപ്പെടുത്തി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

Deposit With KWA - Rs. 47,56, 839.00

Depoist With KSEB - Rs. 53,19,973.00

7. Advance To Implementing Officers:- വിനിയോഗ വിവരം കൃത്യമാക്കി അക്കൗണ്ട് ചെയ്തിട്ടില്ല. നീക്കിയിരുപ്പ് തുക കൃത്യമല്ല.

9. ഷെഡ്യൂൾ B-9: Other Liabilities- ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള വരവ് ശരിയായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്ത് ക്രമീകരിച്ചിട്ടില്ല.

10. ലോൺ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ള പലിശ അക്കൗണ്ട് ചെയ്തിട്ടില്ല.

11. ഷെഡ്യൂൾ I-18: Prior Period Items- ചെലവുകൾ തെറ്റായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.

അപാകതകൾ പരിഹരിക്കേണ്ടതാണ്

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,37,49,721 |
| ഓഡിറ്റ് വർഷത്തെ വരവ് | 3,93,71,084 |
| ആകെ വരവ് | 5,31,20,805 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,38,08,038 |
| നീക്കിയിരിപ്പ് | 93,12,767 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് | ആകെ | ചെലവ് | ട്രഷറി ക്യൂ | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|---|

| | | ലഭിച്ചത് ) | | | ബിൽ | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 28111000 | 28111000 | 15697718 | 5980803 | 6432479 |
| വികസന ഫണ്ട്-എസ്.സി.പി | ,, | 12157000 | 12157000 | 7284713 | 4400264 | 472023 |
| വികസന ഫണ്ട്-ടി.എസ്.പി | ,, | 425000 | 425000 | 200000 | -- | 225000 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | ,, | 3677000 | 3677000 | 2975257 | 470460 | 231283 |

## 1-5 പദ്ധതി അവലോകനം

(1) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 73 | 5,86,54,561 | 46 | 2,62,45,532 | 25 | 44.75% |

(2) വിവിധ മേഖലകൾക്കായി വകയിരുത്തിയ തുകയും അവയുടെ ചെലവും ചുവടെ ചേർക്കുന്നു.

| മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവിന്റെ ശതമാനം |
|---|---|---|---|
| ഉൽപ്പാദനം | 13321166 | 2450316 | 18.39 |
| സേവനം | 35622424 | 21147669 | 59.37 |
| പശ്ചാത്തലം | 9710971 | 2647547 | 27.26 |
| ആകെ | 58654561 | 26245532 | 44.75 |

(3) 2019-20-ൽ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരു-ത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | ചൈൽഡ് ഡെവലപ്മെന്റ് ഓഫീസർ | 6 | 4 | 2589840 | 1463033 |
| 2 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 30 | 20 | 27448879 | 11903351 |
| 3 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 3 | 3 | 1121000 | 1121000 |
| 4 | പട്ടികജാതി | 1 | 1 | 3555000 | 3245000 |

| | | | | | |
|---|---|---|---|---|---|
| | വികസന ഓഫീസർ | | | | |
| 5 | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | 7 | 7 | 3483000 | 3464085 |
| 6 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 2 | 2 | 825000 | 292224 |
| 7 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 2 | 9046640 | 1850353 |
| 8 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | -- | 520000 | -- |
| 9 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 3 | 3 | 1393713 | 1149880 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 17 | 4 | 8671489 | 1756606 |
| | ആകെ | 73 | 46 | 58654561 | 26245532 |

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.03.2019 | 2018-19 | 10.07.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.01.2018 | 2012-13 മുതൽ 2016-17 വരെ | 05.02.2018 |

## 1-7 ആഭ്യന്തര നിയന്ത്രണം

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ അനുസരിച്ച് വേണം സ്ഥാപനത്തിലെ വാർഷിക കണക്കുകൾ തയ്യാറാക്കേണ്ടത്. ബ്ലോക്ക് പഞ്ചായത്തിലെ അക്കൗണ്ടിംഗ്, ചട്ടങ്ങൾ അനുസരിച്ചല്ല നിർവഹിച്ചിട്ടുള്ളത്. വരവ് ചെലവുകൾ തെറ്റായ ശീർഷകങ്ങളിൽ രേഖപ്പെടുത്തുന്ന പ്രവണത നിലനിൽക്കുന്നുണ്ട്. മേൽക്കാരണങ്ങളാൽ സ്ഥാപനത്തിന്റെ ഒരു പ്രത്യേക സമയത്തെ സാമ്പത്തിക നില അപഗ്രഥനം ചെയ്യുന്നതിന് അധികൃതർക്ക് സാധിക്കുന്നില്ല. ലെഡ്ജർ അക്കൗണ്ടുകൾ നിർദ്ദിഷ്ട ഇടവേളകളിൽ ബാലൻസ് ചെയ്ത് യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. സിസ്റ്റത്തിൽ രേഖപ്പെടുത്തുന്ന ജേണൽ എൻട്രികൾ രേഖകളാക്കി ഉന്നത അധികാരികൾ സാക്ഷ്യപ്പെടുത്തുന്നില്ല. അക്കൗണ്ടിംഗ് ചട്ടങ്ങൾ അനുശാസിക്കുന്ന മുഴുവൻ നടപടിക്രമങ്ങളും പാലിച്ചുവേണം വാർഷിക ധനകാര്യ പത്രിക തയ്യാറാക്കേണ്ടത്.

ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. 2019-20 വർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകിയ തുകയിൽ 40 ലക്ഷം രൂപ വിവിധ ഏജൻസികളിൽ നിക്ഷേപമായി കിടക്കുന്നു.

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ യഥാസമയം ലഭിക്കുന്നില്ല.

## 1-8 വിവിധ പദ്ധതികളിലായി മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്ന

വിവിധ മെഡിക്കൽ ഓഫീസർമാർ നിർവ്വഹണ ഉദ്യോഗസ്ഥരായി മരുന്നുവാങ്ങൽ പദ്ധതികൾക്കായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ മുൻകൂറായി തുക ഒടുക്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ നാളിതുവരെയായും പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ) മല്ലപ്പള്ളി താലൂക്ക് ആശുപത്രിക്ക് ലഭ്യമാക്കുവാനുള്ള മരുന്നിന്റെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി നം, പദ്ധതിയുടെ പേര് | ഒടുക്കിയ തുക/ ബിൽ റഫറൻസ് നം | പ്രഫോമ ഇൻവോയിസ് നം. | ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്ന് (രൂപ) |
|---|---|---|---|---|
| സൂപ്രണ്ട്, താലൂക്ക് ആശുപത്രി മല്ലപ്പള്ളി | S0052/20-മല്ലപ്പള്ളി താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി | ₹ 6,62,732<br>BRNo. 4900704006<br>Date 18.10.2019 | PRF1676<br>Date 16.10.2019<br>₹ 6,62,732 | 49,320 |
| | S0021/20-പാലിയേറ്റീവ് കെയർ/വയോജന ക്ഷേമം-മല്ലപ്പള്ളി താലൂക്ക് ആശുപത്രി | ₹ 1,99,997<br>BRNo. 4900704007<br>Date 18.10.2019 | PRF1730<br>Date 17.10.2019<br>₹ 1,99,997 | 236 |
| | | ₹ 69,215<br>BRNo. 4900835057<br>Date 18.11.2019 | PRF2338<br>Date 13.11.2019<br>₹ 69,215 | 4015 |

മേൽ പട്ടിക പ്രകാരം വിവിധ പദ്ധതികളിലായി ലഭിക്കുവാനുള്ള 53,571 രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 3/23.12.2021) മറുപടി ലഭിച്ചില്ല. മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ബി) കല്ലൂപ്പാറ സി.എച്ച്.സി.ക്ക് ലഭിക്കുവാനുള്ള മരുന്നിന്റെ വിവരങ്ങൾ

സാമ്പത്തിക വർഷത്തിൽ 2 പദ്ധതികളിലായി 5,29,890 രൂപ മരുന്നുവങ്ങലുകൾക്കായി ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി നം, പദ്ധതിയുടെ പേര് | ചെലവ് ബിൽ റഫറൻസ് നം | ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്ന് (രൂപ) |
|---|---|---|---|
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | S0049/20 പാലിയേറ്റീവ് കെയർ-വയോജനക്ഷേമം കല്ലൂപ്പാറ | ₹ 2,29,890<br>BRNo. 5200582047 | ₹ 2,29,890 |

| | | | |
|---|---|---|---|
| കല്ലുപ്പാറ | സി.എച്ച്.സി. | Date 18.09.2019 | |
| | S0030/20-കല്ലുപ്പാറ സി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ | ₹ 3,00,000<br>BRNo. 5200443876<br>Date 13.08.2019 | ₹ 3,00,000 |

മരുന്ന് ലഭിച്ചതിന്റെ ടാക്സ് ഇൻവോയിസ് ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. മരുന്ന് ലഭ്യമായതിന്റെ വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 4/23.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-9 നിക്ഷേപ പ്രോജക്ടുകൾ പൂർത്തിയായില്ല;40ലക്ഷം നിർവഹണ ഏജൻസികളിൽ

ബ്ലോക്ക് പഞ്ചായത്തിന്റെ ഓഡിറ്റ് വർഷത്തെ 3992359 രൂപയുടെ നിക്ഷേപ പ്രോജക്ടുകൾ പൂർത്തിയായില്ല. തുക സംസ്ഥാന വൈദ്യുതി ബോർഡ്, വാട്ടർ അതോറിറ്റി എന്നീ നിർവഹണ ഏജൻസികളിൽ നിക്ഷേപമായി കിടക്കുകയാണ്. (2019-20ലെ നിക്ഷേപമായി കിടക്കുന്ന പ്രോജക്ടുകളുടെ വിവരം)

| ക്രമ നം. | പ്രോജക്ട് | നിക്ഷേപ ഏജൻസി | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | 09 /19-20.മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ (ജനറൽ) | കെ.എസ്.ഇ.ബി | 752383 |
| 2 | 61 /19-20.മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ (ജനറൽ,സ്പിൽ ഓവർ) | | 123140 |
| 3 | 62/19-20.മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ (എസ്.സി.പി) | | 799836 |
| 4 | 10/19-20.മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടൽ (ജനറൽ) | കേരള വാട്ടർ അതോറിറ്റി | 709000 |
| 5 | 12/19-20.മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടൽ (എസ്.സി.പി) | | 1170000 |
| 6 | 60/19-20.മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടൽ (എസ്.സി.പി,സ്പിൽ ഓവർ ) | | 438000 |
| | ആകെ | | 3992359 |

നിക്ഷേപ പ്രോജക്ടുകളുടെ പൂർത്തീകരണ രേഖകൾ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം(01/21.12.2021)നല്കിയതിന് മറുപടി ലഭിച്ചില്ല.

പ്രോജക്ടുകളുടെ നിർവഹണം പൂർത്തീകരിച്ചതായി കുടിവെള്ളം, ഊർജം എന്നീ വിഷയനിർണയസമിതികളുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. വെളിച്ചം, വെള്ളം എന്നീ അനിവാര്യ ജീവന സഹായികൾ ജനങ്ങൾക്ക് ലഭ്യമാക്കുവാൻ വേണ്ടി ആവിഷ്കരിക്കുന്ന പ്രോജക്ടുകളുടെ നിർവഹണം നീളുന്നത് ഗൗരവമായി കണ്ട് ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവൃത്തികൾ

| ക്രമ നം. | പ്രോജക്ട് | നിക്ഷേപ ഏജൻസി | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | 09 /19-20.മല്ലപ്പള്ളി ബ്ളോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ (ജനറൽ) | കെ.എസ്.ഇ.ബി | 752383 |
| 2 | 61 /19-20.മല്ലപ്പള്ളി ബ്ളോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ (ജനറൽ,സ്പിൽ ഓവർ) | | 123140 |
| 3 | 62/19-20.മല്ലപ്പള്ളി ബ്ളോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ (എസ്.സി.പി) | | 799836 |
| 4 | 10/19-20.മല്ലപ്പള്ളി ബ്ളോക്ക് പഞ്ചായത്ത് പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടൽ (ജനറൽ) | കേരള വാട്ടർ അതോറിറ്റി | 709000 |
| 5 | 12/19-20.മല്ലപ്പള്ളി ബ്ളോക്ക് പഞ്ചായത്ത് പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടൽ (എസ്.സി.പി) | | 1170000 |
| 6 | 60/19-20.മല്ലപ്പള്ളി ബ്ളോക്ക് പഞ്ചായത്ത് പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടൽ (എസ്.സി.പി,സ്പിൽ ഓവർ ) | | 438000 |
| | അകെ | | 3992359 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻ വർഷം എടുത്ത വായ്പയിന്മേൽ, ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദാംശം താഴെ കൊടുക്കുന്നു. വാർഷിക കണക്കിൽ പലിശ ഉൾപ്പെടെയുള്ള തുകയാണ് തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതായി കാണിച്ചിട്ടുള്ളത്.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (മുതൽ) | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ. ഭവന പദ്ധതി | ജി.ഒ(എം.എസ്.) 90/13/തസ്വഭവ തീയതി: 14-03-2013 | 96,00,000 | 48,83,093 | -- | -- | 48,83,093 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് വർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ 43,172 രൂപ ലഭിച്ചിട്ടുണ്ട്. കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ട തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനത്ഫണ്ടിൽ സൂക്ഷിരിക്കുകയാണ്. ആയത് അടിയന്തിരമായി തിരികെ ഒടുക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. തീയതി |
|---|---|---|---|---|
| 2017-18 | 3-4(1) | 3199 | ശ്രീ.ഹരികൃഷ്ണൻ.കെ, അസി.എക്സി.എഞ്ചിനീയർ | 119040900030/ 22-08-2019 |
| ,, | 3-4(3) | 3199 | ശ്രീ.ഹരികൃഷ്ണൻ.കെ, അസി.എക്സി.എഞ്ചിനീയർ | 119040900032/ 22-08-2019 |
| ,, | 3-3 | 5500 | ശ്രീ.ഹരികൃഷ്ണൻ.കെ, അസി.എക്സി.എഞ്ചിനീയർ | 119040900031/ 22-08-2019 |
| ,, | 3-8(3) | 31724 | സെക്രട്ടറി,കല്ലൂപ്പാറ ഗ്രാമ പഞ്ചായത്ത് (മരാമത്ത് പ്രവൃത്തിക്ക് വിഹിതം നൽകിയത്-തുക തിരികെ നൽകിയത്) | 119040900033/ 22-08-2019 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2002-03 | 2-14 | 2007-08 | ഐ.എ.വൈ ഭവനനിർമ്മാണം-മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. | പരാമർശം നിലനിൽക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | പൂർണ്ണമായ രേഖകൾ ഹാജരാക്കിയിട്ടില്ല. | |
| 2003-04 | 2-23 | 2007-08 | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്- പദ്ധതി നടത്തിപ്പിലെ അപാകതകൾ. | " |
| 2003-04 | 2-24 | 2007-08 | തേനീച്ച വളർത്തലും തേൻ സംസ്കരണ യൂണിറ്റ് സ്ഥാപിക്കലും- അപാകതകൾ | " |
| 2003-04 | 2-26 | 2007-08 | വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | " |
| 2004-05 | 3-4 | 2007-08 | പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിലെ അപാകതകൾ | " |
| 2004-05 | 3-17 | 2007-08 | വനിതാ സ്വയം തൊഴിൽ യൂണിറ്റ്. | " |
| 2006-07 | 3-12 | 2009-10 | തോട്ടഭാഗത്ത് പട്ടികജാതി വനിതകൾക്കായി വ്യവസായകേന്ദ്രം നിർമ്മാണം- അപാകതകൾ | " |
| 2006-07 | 3-14 | 2009-10 | പയറ്റുകാലാ കുടിവെള്ള പദ്ധതി- അപാകതകൾ | " |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 5,31,20,805 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,38,08038 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

തടസ്സപ്പെടുത്തിയ തുക

ഇല്ല

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ

വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസം

ഇല്ല

4-10 തീർപ്പാക്കാൻ അവശേഷി ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി5-866/99 തീ.31-01-01 | 8 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി5-443/00 തീ.05-05-01 | 1 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി5-708/02 തീ. 05-03-04 | 5 |
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി5-312/04 തീ. 04-11-04 | 1 |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി6-257/06 തീ. 05-03-07 | 1 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി6-881/07 തീ. 07-06-08 | 6 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി6-882/07തീ. 07-06-08 | 2 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി6-883/07തീ. 03-04-08 | 6 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി6-700/08 തീ. 15-05-09 | 2 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി3-704/09 തീ. 13-05-11 | 10 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി2-564/11 തീ.13-12-11 | 7 |
| 2009-10 & 10-11 | എൽ.എഫ്.പി.റ്റി.എ-പി2-113/13 തീ.03-09-13 | 5 |
| 2011-12 & 12-13 | എൽ.എഫ്.പി.റ്റി.എ-പി2-211/14 തീ.12-09-14 | 4 |
| 2013-14 | എൽ.എഫ്.പി.റ്റി.എ-പി2-124/15 തീ.06-06-15 | 3 |
| 2014-15 | നം.കെ.എസ്.എ.പി.റ്റി.എ.പി2-320/2016 തീയതി: 22.03.2016 | 7 |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി13-335/2017 തീയതി: 06.05.17 22.03.2016 | 13 |
| 2016-17 | നം.കെ.എസ്.എ.പി.റ്റി.എ.പി12-1302/2017 തീയതി: 07.12.2017 | 9 |
| 2017-18 | നം.കെ.എസ്.എ.പി.റ്റി.എ.പി12-/343/2019 തീയതി: 08.05.2019 | 8 |
| 2018-19 | നം.കെ.എസ്.എ.പി.റ്റി.എ.പി12-923/2019 തീയതി: 29.11.2019 | 9 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്